**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2761** **03-08-2021 - ൽ മറുപടിയ്ക്ക്**

**കർഷക പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 60 വയസ് പൂർത്തിയായ എല്ലാ ചെറുകിട-നാമമാത്ര കർഷകർക്കും പ്രതിമാസം ആയിരം രൂപ നിരക്കിൽ കർഷക പെൻഷൻ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ ; | (എ) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ചേരുന്നതിന് അപേക്ഷ സമർപ്പിക്കുന്ന 60 വയസ് പൂർത്തിയായ ചെറുകിട-നാമമാത്ര കർഷകർക്ക്, അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി കർഷക പെൻഷൻ നല്കുന്നുണ്ട്. നിലവിൽ കർഷക പെൻഷൻ നിരക്ക് പ്രതിമാസം 1600 രൂപയാണ്. |
| (ബി) | ഈ പെൻഷൻ ലഭിക്കാൻ അപേക്ഷ എവിടെയാണ് നൽകേണ്ടത്, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാം, അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാം എന്നിവ വിശദമാക്കാമോ; | (ബി) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ചേരുന്നതിന് അതാത് കൃഷി ഭവനുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം ആധാർ കാർഡിന്റെ പകർപ്പ്, വസ്തുവിന്റെ നികുതി അടച്ച രശീതിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ കൂടി നൽകേണ്ടതാണ്. നിലവിൽ കർഷക പെൻഷൻ കിട്ടുന്നതിനുള്ള അർഹതയും മാനദണ്ഡങ്ങളും താഴെ പറയുന്നു. 1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ചെയ്തുവരുന്നതും, പരമാവധി രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവരുമായ കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകനായിരിക്കണം. 2. തെരെഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും. 3. കർഷകന്റെയും ജീവിത പങ്കാളിയുടെയും ആകെ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. 4. സർവ്വീസിൽ നിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷക പെൻഷന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്കും, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. 5. കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്ത് ജീവിച്ചു വരുന്നവർക്കാണ് |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്. 6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കും. 7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെപേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തേയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും, അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നല്കുന്നതുമാണ്. 8. ഒരു കുടുംബത്തിൽ ഭാര്യക്കോ/ ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ, മറ്റ് വരുമാനങ്ങളില്ലാത്ത പക്ഷം ജീവിത പങ്കാളിക്ക് പെൻഷൻ നല്കുന്നതാണ്. 9. നിലവിലുള്ള ലിസ്റ്റിൽ നിന്നാണ് മേൽ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 10. പുതിയ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. 11. 85 വയസ്സിന് മുകളിലുള്ള കർഷകർ, മാനസികമോ, ശാരീരികമോ ആയ 80% ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമല്ല. |
| (സി) | മറ്റ് സാമൂഹ്യസുരക്ഷാ പെൻഷനുകൾ ക്ഷേമനിധി പെൻഷനുകൾ എന്നിവ ലഭിച്ചു വരുന്നവർക്ക് ഈ പെൻഷന് അർഹതയുണ്ടോ; വിശദമാക്കാമോ? | (സി) | 21-01-2017 ന മുൻപ് കർഷക പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ഒരുമിച്ച് വാങ്ങിയവർക്ക് 1600രൂപ നിരക്കിൽ കർഷക പെൻഷനും 600 രൂപ നിരക്കിൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷനും അർഹതയുണ്ടായിരിക്കും. എന്നാൽ 21-01-2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കില്ല. നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഒരു വ്യക്തിക്ക് ഒരേ സമയം രണ്ടു ക്ഷേമ ബോർഡ് പെൻഷനുകൾ അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ